**മധുരമായ കുട്ടികളെ - നിങ്ങൾക്ക് ഇപ്പോൾ ടീച്ചറായി മാറി മനസ്സിനെ വശീകരിക്കുന്നതിനുള്ള മന്ത്രം എല്ലാവരേയും കേൾപ്പിക്കണം, ഇത് നിങ്ങൾ എല്ലാ കുട്ടികളുടേയും കർത്തവ്യമാണ്**

**ചോദ്യം:-** ബാബ എങ്ങനെയുള്ള കുട്ടികളിൽ നിന്നാണ് ഒന്നും സ്വീകരിക്കാത്തത്?
**ഉത്തരം:-** ആർക്കാണോ അഹങ്കാരമുള്ളത് ഞാൻ ഇത്ര നൽകുന്നുണ്ട്, ഞാൻ ഇത്രയും സഹായം ചെയ്യുന്നുണ്ട്, ബാബ അവരുടെ ഒന്നും സ്വീകരിക്കുന്നില്ല. ബാബ പറയുന്നു എന്റെ കൈയ്യിൽ ചാവിയുണ്ട്. ആഗ്രഹിച്ചാൽ എനിക്ക് ആരെയും ദരിദ്രനാക്കാം, ആരെ വേണമെങ്കിലും ധനവാനുമാക്കാം. ഇതും ഡ്രാമയിലെ രഹസ്യമാണ്. ആർക്കാണോ ഇന്ന് തന്റെ സമ്പന്നതയിൽ അഹങ്കാരമുള്ളത് അവർ നാളെ ദരിദ്രനാവും മാത്രമല്ല പാവപ്പെട്ട കുട്ടികൾ ബാബയുടെ കാര്യത്തിൽ തന്റെ കാലണ സഫലമാക്കി ധനികനായി മാറുന്നു.

**ഓം ശാന്തി**. ഇത് കുട്ടികൾക്ക് അറിയാവുന്ന കാര്യമാണ് അതായത് ബാബ വന്നിരിക്കുകയാണ് പുതിയ ലോകത്തിന്റെ സമ്പത്ത് നൽകാൻ. ഇത് കുട്ടികൾക്ക് ഉറപ്പല്ലേ അതായത് നമ്മൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും പവിത്രമായി മാറും. എത്രത്തോളം നമ്മൾ നല്ല ടീച്ചറായി മാറുന്നുവോ അത്രയും ഉയർന്ന പദവി നേടും. ബാബ നിങ്ങളെ ടീച്ചറുടെ രൂപത്തിൽ പഠിപ്പിക്കാൻ അഭ്യസിപ്പിക്കുന്നു. നിങ്ങൾക്ക് പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കണം. നിങ്ങൾ പഠിപ്പിക്കുന്ന ടീച്ചറായി തീർച്ചയായും മാറുന്നു പക്ഷേ നിങ്ങൾക്ക് ആരുടേയും ഗുരുവാകാൻ സാധിക്കില്ല, ടീച്ചറാവാനേ കഴിയൂ. ഗുരുവായി ഒരേയൊരു സദ്ഗുരു മാത്രമേയുള്ളു ആ സദ്ഗുരുവാണ് പഠിപ്പിക്കുന്നത്. സർവ്വരുടേയും സദ്ഗുരു ഒരാൾ തന്നെയാണ്. ബാബ ടീച്ചറാക്കി മാറ്റുന്നു. നിങ്ങൾ എല്ലാവരേയും പഠിപ്പിച്ച് മന്മനാഭവയുടെ വഴി പറഞ്ഞുകൊടുക്കുന്നു. ബാബ നിങ്ങൾക്ക് നൽകിയിരിക്കുന്ന കർത്തവ്യം ഇതാണ് എന്നെ ഓർമ്മിക്കൂ ഒപ്പം ടീച്ചറായും മാറൂ. നിങ്ങൾ ആർക്കെങ്കിലും ബാബയുടെ പരിചയം നൽകുകയാണെങ്കിൽ അവരുടേയും കടമയാണ് ബാബയെ ഓർമ്മിക്കുക എന്നത്. ടീച്ചറുടെ രൂപത്തിൽ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം നൽകേണ്ടതായി വരുന്നു. ബാബയെ തീർച്ചയായും ഓർമ്മിക്കേണ്ടതായുണ്ട്. ബാബയുടെ ഓർമ്മയിൽ തന്നെ പാപം ഇല്ലാതാകണം. കുട്ടികൾക്ക് അറിയാം നമ്മൾ പാപാത്മാക്കളാണ്, അതിനാലാണ് ബാബ എല്ലാവരോടും പറയുന്നത് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. ബാബ തന്നെയാണ് പതിത പാവനൻ. യുക്തി പറഞ്ഞുതരുന്നു - മധുരമായ കുട്ടികളേ, നിങ്ങളുടെ ആത്മാവ് പതിതമായിരിക്കുന്നു, അതിനാൽ ശരീരവും പതിതമായിരിക്കുന്നു. ആദ്യം നിങ്ങൾ പവിത്രമായിരുന്നു, ഇപ്പോൾ നിങ്ങൾ അപവിത്രമായിരിക്കുന്നു. ഇപ്പോൾ പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനുള്ള യുക്തി വളരെ സഹജമായി പറഞ്ഞുതരുന്നു. ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പവിത്രമായി മാറും. എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും ബാബയെ ഓർമ്മിക്കൂ. അവർ ഗംഗാസ്നാനം ചെയ്യുമ്പോൾ ഗംഗയെ ഓർമ്മിക്കുന്നു. ഗംഗ പതിതപാവനിയാണ് എന്ന് കരുതുന്നു. ഗംഗയെ ഓർമ്മിക്കുന്നതിലൂടെ പാവനമായി മാറും. എന്നാൽ ബാബ പറയുന്നു ആർക്കും പാവനമാകാൻ സാധിക്കില്ല. ജലത്തിലൂടെ എങ്ങനെ പാവനമാകാൻ സാധിക്കും. ബാബ പറയുന്നു ഞാനാണ് പതിത പാവനൻ. അല്ലയോ കുട്ടികളേ, ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളും ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കുന്നതിലൂടെ പാവനമായി മാറി വീണ്ടും സ്വന്തം വീടായ മുക്തിധാമത്തിലെത്തിച്ചേരും. മുഴുവൻ കല്പവും വീടിനെ മറന്നിരിക്കുകയായിരുന്നു. മുഴുവൻ കല്പത്തിലും ബാബയെ ആരും അറിയുന്നില്ല. ഒരേയൊരു തവണ ബാബ സ്വയം വന്ന് തന്റെ പരിചയം നൽകുന്നു - ഈ മുഖത്തിലൂടെ. ഈ മുഖത്തിന് എത്ര മഹിമയാണ്. ഗൗമുഖം എന്നു പറയുന്നു. ആ ഗൗ എന്നത് മൃഗമാണ് എന്നാൽ ഇത് മനുഷ്യന്റെ കാര്യമാണ്.

നിങ്ങൾക്ക് അറിയാം ഇത് വലിയ അമ്മയാണ്. ഈ മാതാവിലൂടെയാണ് ശിവബാബ നിങ്ങൾ എല്ലാവരേയും ദത്തെടുക്കുന്നത്. നിങ്ങൾ ഇപ്പോൾ ബാബാ ബാബാ എന്നു പറയാൻ തുടങ്ങിയിരിക്കുന്നു. ബാബയും പറയുന്നു ഈ ഓർമ്മയുടെ യാത്രയിലൂടെ തന്നെ നിങ്ങളുടെ പാപങ്ങൾ ഇല്ലാതാകണം. കുട്ടികൾക്ക് അച്ഛന്റെ ഓർമ്മ ഉണ്ടാകുമല്ലോ. അച്ഛന്റെ മുഖം ഹൃദയത്തിൽ ഉണ്ടാകും. നിങ്ങൾ കുട്ടികൾക്ക് അറിയാം എങ്ങനെയാണോ നമ്മൾ ആത്മാക്കൾ അതുപോലെ ബാബയും പരമമായ ആത്മാവാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം - ബാബ പരമധാമത്തിലാണ് വസിക്കുന്നത്, നമ്മളും പരമധാമത്തിലാണ് വസിക്കുന്നത്. ബാബയുടെ ആത്മാവും നമ്മുടെ ആത്മാവും തമ്മിൽ മറ്റൊരു വ്യത്യാസവുമില്ല. ബാബയും ബിന്ദുവാണ്, നമ്മളും ബിന്ദുവാണ്. ഈ ജ്ഞാനം മറ്റാരിലും ഇല്ല. നിങ്ങൾക്കു മാത്രമാണ് ബാബ പറഞ്ഞുതന്നികൊണ്ടിരി

ക്കുന്നത്. ബാബയെക്കുറിച്ചും എന്തെല്ലാമാണ് പറയുന്നത്. സർവ്വവ്യാപിയാണ്, കല്ലിലും മുള്ളിലുമുണ്ട്, ആർക്ക് എന്ത് തോന്നുന്നുവോ അത് പറയുന്നു. ഡ്രാമാപ്ലാൻ അനുസരിച്ച് ഭക്തിമാർഗ്ഗത്തിൽ ബാബയുടെ പേര്, രൂപം, ദേശം, കാലം എല്ലാം മറക്കുന്നു. നിങ്ങളും മറക്കുന്നു. ആത്മാവ് തന്റെ പിതാവിനെ മറക്കുന്നു. കുട്ടികൾ അച്ഛനെത്തന്നെ മറന്നുവെങ്കിൽ മറ്റെന്ത് അറിയാനാണ്. ദരിദ്രരായി മാറി. ധനികനായ സമയവും ഓർമ്മ വരുന്നില്ല. ധനികനായ പാർട്ടുപോലും അറിയുന്നില്ല. തന്നെപ്പോലും മറക്കുന്നു. നിങ്ങൾക്ക് നല്ലരീതിയിൽ അറിയാം– നമ്മൾ പൂർണ്ണമായും മറന്നുപോയിരുന്നു. നമ്മൾ ആദ്യം ഇങ്ങനെയുള്ള ദേവീ ദേവതയായിരുന്നു, ഇപ്പോൾ മൃഗങ്ങളേക്കാൾ മോശമായിരിക്കുന്നു. നമ്മൾ നമ്മുടെ ആത്മാവിനെത്തന്നെ മറന്നിരിക്കുന്നു ഇതാണ് മുഖ്യം. ഇപ്പോൾ ആര് സാക്ഷാത്ക്കാരം ചെയ്യിക്കും. ഒരു ജീവാത്മാവിനും അറിയില്ല നമ്മൾ ആത്മാവ് എന്ത് സാധനമാണെന്ന്, എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നതെന്ന്? നമ്മൾ എല്ലാവരും സദോഹരീ-സഹോദരങ്ങളാണ് – ഈ ജ്ഞാനം മറ്റാരിലും ഇല്ല. ഈ സമയത്ത് മുഴുവൻ സൃഷ്ടിയും തമോപ്രധാനമായിരിക്കുന്നു. ജ്ഞാനമില്ല. നിങ്ങളുടെയുള്ളിൽ ഇപ്പോൾ ജ്ഞാനമുണ്ട്, ബുദ്ധിയിൽ വന്നു നമ്മൾ ആത്മാക്കൾ ഇതുവരെ സ്വന്തം പിതാവിന്റെ ഗ്ലാനി ചെയ്തുവന്നു. ഗ്ലാനി ചെയ്യുന്നതിലൂടെ ബാബയിൽ നിന്നും ദൂരെയായി. ഡ്രാമാപ്ലാൻ അനുസരിച്ച് ഏണിപ്പടി താഴേയ്ക്ക് ഇറങ്ങിവന്നു. ബാബയെ ഓർമ്മിക്കുക എന്നതാണ് പ്രധാന കാര്യം. ബാബ മറ്റൊരു ബുദ്ധിമുട്ടും നൽകുന്നില്ല. കുട്ടികൾക്ക് അച്ഛനെ ഓർമ്മിക്കുക എന്ന ഒരേയൊരു ബുദ്ധിമുട്ടേയുള്ളു. എന്താ അച്ഛന് എപ്പോഴെങ്കിലും കുട്ടികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് നൽകാൻ സാധിക്കുമോ! നിയമമില്ല. ബാബ പറയുന്നു ഞാൻ ഒരു ബുദ്ധിമുട്ടും നൽകുന്നില്ല. എന്തെങ്കിലും ചോദ്യങ്ങളെല്ലാം ചോദിക്കുമ്പോൾ, പറയുന്നു ഈ കാര്യങ്ങളിൽ തന്റെ സമയം എന്തിനാണ് വ്യർത്ഥമാക്കുന്നത്? ബാബയെ ഓർമ്മിക്കു. ഞാൻ വന്നിരിക്കുന്നത് നിങ്ങളെ കൊണ്ടുപോകാനാണ്, അതിനാൽ നിങ്ങൾ കുട്ടികൾക്ക് ഓർമ്മയുടെ യാത്രയിലൂടെ പാവനമായി മാറണം. ഞാൻ തന്നെയാണ് പതിത പാവനനായ പിതാവ്. ബാബ യുക്തി പറഞ്ഞുതരുന്നു– എവിടെ വേണമെങ്കിലും പൊയ്ക്കോളൂ എന്നാൽ ബാബയെ ഓർമ്മിക്കണം. 84 ന്റെ ചക്രത്തിന്റെ രഹസ്യവും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇപ്പോൾ തന്റെ പരിശോധന നടത്തണം – എത്രത്തോളം ഞാൻ ബാബയെ ഓർമ്മിക്കുന്നുണ്ട്. അത്രമാത്രം മറ്റൊരു തരത്തിലുള്ള ചിന്തയുടേയും ആവശ്യമില്ല. ഇത് വളരെ സഹജമല്ലേ. ബാബയെ ഓർമ്മിക്കണം. കുട്ടികൾ അല്പം വലുതായാൽ സ്വതവേ മാതാപിതാവിനെ ഓർമ്മിക്കാൻ തുടങ്ങും. നിങ്ങളും മനസ്സിലാക്കൂ നമ്മൾ ആത്മാക്കൾ ബാബയുടെ കുട്ടികളാണ്, എന്തുകൊണ്ടാണ് ഓർമ്മിക്കേണ്ടി വരുന്നത്! എന്തുകൊണ്ടെന്നാൽ നമ്മളിൽ എന്ത് പാപമാണോ പതിഞ്ഞിരിക്കുന്നത് അത് ഈ ഓർമ്മയിലൂടെ മാത്രമേ ഇല്ലാതാകൂ അതുകൊണ്ടാണ് സെക്കന്റിൽ ജീവന്മുക്തി എന്ന് പാടിയിട്ടുള്ളത്. ജീവന്മുക്തിയുടെ ആധാരം പഠിപ്പും മുക്തിയുടെ ആധാരം ഓർമ്മയുമാണ്. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നോ പഠിപ്പിൽ ശ്രദ്ധ നൽകുന്നുവോ അത്രയും ഉയർന്ന നമ്പറിലുള്ള പദവി നേടും. ജോലികാര്യങ്ങളെല്ലാം നന്നായി ചെയ്തുകൊണ്ടിരിക്കൂ, ബാബ അതൊന്നും വേണ്ടെന്ന് പറയുന്നില്ല. നിങ്ങൾ ചെയ്യുന്ന ജോലി കാര്യങ്ങൾ – അത് നിങ്ങൾക്ക് രാവും പകലും ഓർമ്മയുണ്ടാകുമല്ലോ. അതിനാൽ ബാബ ഇപ്പോൾ ഈ ആത്മീയ ജോലി നൽകുകയാണ് – സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ ഒപ്പം 84 ന്റെ ചക്രത്തേയും ഓർമ്മിക്കു. എന്നെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ നിങ്ങൾ സതോപ്രധാനമാവുകയുള്ളൂ. ഇതും മനസ്സിലാക്കുന്നുണ്ട്, ഇപ്പോൾ പഴയ ശരീരമാണ് പിന്നീട് സതോപ്രധാനമായ പുതിയ ശരീരം ലഭിക്കും. തന്റെ ബുദ്ധിയിൽ ഇതെല്ലാം സൂക്ഷിക്കണം, ഇതിലൂടെ വളരെ അധികം ലാഭമുണ്ട്. എങ്ങനെയാണോ സ്ക്കൂളിൽ വളരെ അധികം വിഷയങ്ങൾ ഉണ്ടാകും എങ്കിലും ഇംഗ്ലീഷിൽ നല്ല മാർക്ക് ഉണ്ടാകും എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷാണ് മുഖ്യഭാഷ. മുൻപ് ഇംഗ്ലീഷുകാരുടെ രാജ്യമായിരുന്നു അതിനാൽ ഇംഗ്ലീഷാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഇപ്പോഴും ഭാരതവാസി കടംകാരനാണ്. നമ്മൾ ഭാരതവാസികൾ കടത്തിലാണ്. പ്രജയും തീർച്ചയായും പറയും ഞങ്ങൾ കടത്തിലാണ്. ഇതിനും വിവേകം ആവശ്യമാണല്ലോ. നിങ്ങൾ രാജധാനി സ്ഥാപിക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ എല്ലാവരും ഈ മുഴുവൻ കടത്തിൽ നിന്നും രക്ഷപ്പെട്ട് ധനികരായി മാറുകയാണ് പിന്നീട് അരകല്പത്തിലേയ്ക്ക് നാം ആരിൽ നിന്നും കടം വാങ്ങിക്കുകയില്ല. കടമുള്ളവർ പതിതലോകത്തിന്റെ ആധികാരിയാണ്. ഇപ്പോൾ നമ്മൾ കടമുള്ളവരുമാണ്, പതിതലോകത്തിന്റെ അധികാരിയുമാണ്. നമ്മുടെ ഭാരതം ഇങ്ങനെയുള്ളതാണെന്ന് പാടാറില്ലേ.

നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ വളരെ വലിയ ധനികരായിരുന്നു. രാജകുമാരന്മാരും, രാജകുമാരികളുമായിരുന്നു. ഇത് ഓർമ്മ വേണം. നമ്മൾ ഇങ്ങനെയുള്ള വിശ്വത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ തീർത്തും കടത്തിൽ പതിതമായി മാറിയിരിക്കുന്നു. ഈ കളിയുടെ റിസൾട്ട് ബാബ പറഞ്ഞുതരികയാണ്. എന്താണ് റിസൾട്ട്. നിങ്ങൾ കുട്ടികൾക്ക് സ്മൃതി ഉണർന്നിട്ടുണ്ട്. സത്യയുഗത്തിൽ നമ്മൾ എത്ര ധനികരായിരുന്നു, ആരാണ് നിങ്ങളെ ധനികരാക്കി മാറ്റിയത്? കുട്ടികൾ പറയും– ബാബാ, അങ്ങ് ഞങ്ങളെ എത്ര വലിയ ധനികരാക്കി മാറ്റിയിരുന്നു. ഒരേയൊരു ബാബയാണ് ധനികനാക്കി മാറ്റുന്നത്. ലോകത്തിന് ഈ

കാര്യങ്ങളൊന്നും അറിയില്ല. ലക്ഷക്കണക്കിന് വർഷങ്ങൾ എന്ന് പറയുന്നതിലൂടെ എല്ലാം മറന്നുപോയി, ഒന്നും അറിയില്ല. നിങ്ങൾ ഇപ്പോൾ എല്ലാം അറിഞ്ഞുകഴിഞ്ഞു. നമ്മൾ കോടാനുകോടിമടങ്ങ് ധനികരായിരുന്നു. വളരെ പവിത്രമായിരുന്നു, വളരെ സുഖികളായിരുന്നു. അവിടെ അസത്യം പാപം മുതലായ ഒന്നും ഉണ്ടായിരുന്നില്ല. മുഴുവൻ വിശ്വത്തിലും നിങ്ങളുടെ രാജ്യമായിരുന്നു. പാട്ടുമുണ്ട് ശിവബാബാ അങ്ങ് എന്താണോ നൽകുന്നത് അത് മറ്റാർക്കും നൽകാൻ സാധിക്കുകയില്ല. അരകല്പത്തിലേയ്ക്കുള്ള സുഖം നൽകാൻ ആരിലും ശക്തിയില്ല. ബാബ പറയുന്നു ഭക്തിമാർഗ്ഗത്തിലും നിങ്ങളുടെ പക്കൽ അളവില്ലാത്ത ധനവും സുഖവും ഉണ്ടായിരുന്നു. എത്ര അധികം വജ്രങ്ങളും വൈഢൂര്യങ്ങളും ഉണ്ടായിരുന്നു പിന്നീട് അത് അവസാനം വരുന്നവരുടെ കൈയ്യിലെത്തുന്നു. ഇപ്പോൾ ആ വസ്തുക്കളൊന്നും കാണാൻ പോലും കിട്ടുന്നില്ല. നിങ്ങൾക്ക് വ്യത്യാസം കാണാൻ കഴിയുന്നുണ്ടല്ലോ. നിങ്ങൾ തന്നെയായിരുന്നു പൂജ്യരായ ദേവീദേവതകൾ, പിന്നീട് നിങ്ങൾ തന്നെ പൂജാരിയായി മാറി. നിങ്ങൾ തന്നെ പൂജ്യർ, നിങ്ങൾ തന്നെ പൂജാരി. ബാബ പൂജാരിയായി മാറുന്നില്ല എങ്കിലും പൂജാരികളുടെ ലോകത്തിൽ വരുന്നില്ലേ. ബാബ സദാ പൂജ്യനാണ്. ബാബ ഒരിയ്ക്കലും പൂജാരിയായി മാറുന്നില്ല, ബാബയുടെ ജോലിതന്നെ നിങ്ങളെ പൂജാരിയിൽ നിന്നും പൂജ്യരാക്കി മാറ്റുക എന്നതാണ്. നിങ്ങളെ പൂജാരിയാക്കി മാറ്റുക എന്നത് രാവണന്റെ ജോലിയാണ്. ഇത് ലോകത്തിലുള്ള ആർക്കും അറിയില്ല. നിങ്ങളടക്കം മറന്നുപോകുന്നു. ദിവസവും ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. ആഗ്രഹിച്ചാൽ ആരെവേണമെങ്കിലും ധനികനാക്കി മാറ്റാം, ആരെ വേണമെങ്കിലും ദരിദ്രനാക്കിയും മാറ്റാം – ഇത് ബാബയുടെ കൈയ്യിലാണ്. ബാബ പറയുന്നു ആരാണോ ധനികർ അവർക്ക് തീർച്ചയായും ദരിദ്രരായി മാറണം, മാറുകതന്നെ ചെയ്യും. അവരുടെ പാർട്ട് അങ്ങനെയാണ്. അവർക്ക് ഒരിയ്ക്കലും നിൽക്കാൻ കഴിയില്ല. ധനവാന്മാർക്ക് വളരെ അധികം അഹങ്കാരമുണ്ടാകും– ഞാൻ ഇന്നയാളാണ്, എനിക്ക് ഇന്നയിന്നതെല്ലാമുണ്ട്. അഹങ്കാരം ഇല്ലാതാക്കാനായി ബാബ പറയുന്നു– ഇവർ എപ്പോൾ നൽകാനായി വരുന്നുവോ അപ്പോൾ ബാബ പറയും അവശ്യമില്ലെന്ന്. ഇത് തന്റെ കൈയ്യിൽ തന്നെ വെയ്ക്കൂ. എപ്പോൾ ആവശ്യം വരുന്നുവോ അപ്പോൾ വാങ്ങിക്കാം എന്തുകൊണ്ടെന്നാൽ കാര്യത്തിന് കൊള്ളാത്തതാണ്, തന്റെ അഹങ്കാരത്തിലാണ് എന്നത് കാണാൻ സാധിക്കും. അതിനാൽ ഇതെല്ലാം ബാബയുടെ കൈയ്യിലല്ലേ – സ്വീകരിക്കണോ അതോ വേണ്ടയോ എന്നത്. ബാബ പൈസകൊണ്ട് എന്ത് ചെയ്യും, ആവശ്യമില്ല. ഇവിടെ നിങ്ങൾ കുട്ടികൾക്ക് വേണ്ടിയാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, വന്ന് ബാബയെ കണ്ടിട്ടുവേണം പോകാൻ. എപ്പോഴും ഇരിക്കേണ്ടതില്ല. പൈസയുടെ ആവശ്യം എന്താണുള്ളത്. എന്തെങ്കിലും ആയുധങ്ങളോ തോക്കോ മുതലായവയുടെ ആവശ്യമില്ലല്ലോ. നിങ്ങൾ വിശ്വത്തിന്റെ അധികാരികളാവുകയാണ്. ഇപ്പോൾ യുദ്ധത്തിന്റെ മൈതാനത്തിലാണ്, നിങ്ങൾ ബാബയെ ഓർമ്മിക്കുക എന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. ബാബ ആജ്ഞ നൽകിയിട്ടുണ്ട് എന്നെ ഓർമ്മിക്കൂ, അതിനാലാണ് ഇത്രയും ശക്തി ലഭിക്കുന്നത്. നിങ്ങളുടെ ഈ ധർമ്മം വളരെ സുഖം നൽകുന്നതാണ്. ബാബ സർവ്വശക്തിവാനാണ്. നിങ്ങൾ ബാബയുടേതായാണ് മാറുന്നത്, എല്ലാത്തിന്റേയും ആധാരം ഓർമ്മയുടെ യാത്രയാണ്. ഇവിടെ നിങ്ങൾ കേൾക്കുന്നു പിന്നീട് അതിനെക്കുറിച്ച് വിചാര സാഗര മഥനം ചെയ്യുന്നു. എങ്ങനെയാണോ പശു ആദ്യം കഴിക്കും പിന്നെ അയവിറക്കുന്നത് അതുപോലെ, വായ് പ്രവർത്തിച്ചുകൊണ്ടേയിരിക്കും. നിങ്ങൾ കുട്ടികളോടും പറയുന്നു ജ്ഞാനത്തിന്റെ കാര്യങ്ങളെക്കുറിച്ച് ഒരുപാട് ചിന്തിക്കൂ. ബാബയോട് ഞാൻ എന്ത് ചോദിക്കും. ബാബ പറയുന്നു മന്മനാഭവ, ഇതിലൂടെ തന്നെയാണ് നിങ്ങൾ സതോപ്രധാനമായി മാറുന്നത്. ഈ പ്രധാന ലക്ഷ്യം മുന്നിലുണ്ട്.

നിങ്ങൾക്ക് അറിയാം – സർവ്വഗുണ സമ്പന്നനും, 16 കലാ സമ്പൂർണ്ണനുമായി മാറണം. ഇത് സ്വതവേ ഉള്ളിൽ വരണം. ആരുടെയെങ്കിലും ഗ്ലാനി അല്ലെങ്കിൽ എന്തെങ്കിലും പാപകർമ്മങ്ങൾ ഒന്നും തന്നെ ചെയ്യരുത്. ഒരു തലതിരിഞ്ഞ കർമ്മവും നിങ്ങൾ ചെയ്യരുത്. ഈ ദേവീദേവതകളാണ് നമ്പർവൺ. പുരുഷാർത്ഥത്തിലൂടെ ഉയർന്ന പദവി നേടിയില്ലേ. അവരെക്കുറിച്ച് അഹിംസോ പരമോധർമ്മം എന്നാണ് പാടിയിരിക്കുന്നത്. ആരെയെങ്കിലും വധിക്കുക എന്നത് ഹിംസയല്ലേ. ബാബ മനസ്സിലാക്കിത്തന്നു കഴിഞ്ഞാൽ കുട്ടികൾ അന്തർമുഖിയായി ഇരുന്ന് സ്വയം നോക്കണം– ഞാൻ എങ്ങനെയായിട്ടുണ്ട്? ബാബയെ ഞാൻ ഓർമ്മിക്കുന്നുണ്ടോ? എത്ര സമയം ഞാൻ ഓർമ്മിക്കുന്നുണ്ട്? ഇത്രയും മനസ്സിൽ വെയ്ക്കണം ഈ ഓർമ്മ ഒരിയ്ക്കലും മറന്നുപോകരുത്. ഇപ്പോൾ പരിധിയില്ലാത്ത ബാബ പറയുന്നു നിങ്ങൾ ആത്മാക്കൾ എന്റെ മക്കളാണ്. നിങ്ങൾ അനാദിയായ മക്കളാണ്. ബാക്കി ലോകത്തിലുള്ള പ്രിയതമനും പ്രയതമയും, അവരുടേത് ഭൗതീകമായ ഓർമ്മയാണ്. എങ്ങനെയാണോ സാക്ഷാത്ക്കാരം ഉണ്ടാകുമ്പോൾ അതിൽ മുഴുകിയിരിക്കുന്നത് അതുപോലെ അവരും മുന്നിൽ വരും. ആ സന്തോഷത്തിൽ തന്നെ ഓർമ്മിച്ചുകൊണ്ട് കഴിക്കുകയും കുടിക്കുകയും ചെയ്തുകൊണ്ടിരിക്കും. നിങ്ങളുടെ ഈ ഓർമ്മയിൽ വളരെ അധികം ശക്തിയുണ്ട്. ഒരേയൊരു ബാബയെത്തന്നെ ഓർമ്മിക്കണം. പിന്നീട് നിങ്ങൾക്ക് സ്വന്തം ഭാവി ഓർമ്മ വരും. വിനാശത്തിന്റെ സാക്ഷാത്ക്കാരവും ഉണ്ടാകും. മുന്നോട്ട് പോകവേ പെട്ടെന്ന് പെട്ടെന്ന് വിനാശ

ത്തിന്റെ സാക്ഷാത്ക്കാരം ഉണ്ടാകും. പിന്നീട് നിങ്ങൾക്ക് പറയാൻ കഴിയും ഇപ്പോൾ വിനാശം ഉണ്ടാകും. ബാബയെ ഓർമ്മിക്കൂ. ബാബ ഇതെല്ലാം ഉപേക്ഷിച്ചില്ലേ. ഒന്നും അവസാനം ഓർമ്മ വരരുത്. ഇപ്പോൾ നമുക്ക് നമ്മുടെ രാജധാനിയിലേയ്ക്ക് പോകണം. പുതിയ ലോകത്തിലേയ്ക്ക് തീർച്ചയായും പോകണം. യോഗബലത്തിലൂടെ എല്ലാ പാപങ്ങളേയും ഭസ്മമാക്കണം, ഇതിലാണ് ഏറ്റവും കൂടുതൽ പരിശ്രമം ചെയ്യേണ്ടത്. അടിക്കടി ബാബയെ മറന്നുപോകുന്നു എന്തുകൊണ്ടെന്നാൽ ബാബ അത്രയും സൂക്ഷ്മമാണ്. സർപ്പത്തിന്റെയും ബ്രഹ്മരിയുടേയും ഉദാഹരണം നൽകുന്നു ഇതെല്ലാം ഈ സമയത്തേതാണ്. ബ്രഹ്മരി അത്ഭുതം കാണിക്കുന്നില്ലേ. അതിലും കൂടുതലാണ് നിങ്ങൾ ചെയ്യുന്ന അത്ഭുതം. ബാബ എഴുതുന്നില്ലേ- ജ്ഞാനത്തിന്റെ ഭൂം-ഭൂം ചെയ്തുകൊണ്ടിരിക്കൂ. അവസാനം ഉണരും. എവിടെപ്പോകാനാണ്. നിങ്ങളുടെ അടുത്തേയ്ക്ക് തന്നെ വന്നുകൊണ്ടിരിക്കും. വളർന്നുകൊണ്ടിരിക്കും. നിങ്ങളുടെ പേര് പ്രശസ്തമായിക്കൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ കുറച്ചുപേരല്ലേയുള്ളൂ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജ്ഞാനത്തിന്റെ വിചാര സാഗര മഥനം വളരെ അധികം ചെയ്യണം. എന്താണോ കേട്ടത് അതിനെ അയവിറക്കണം. ഒരിയ്ക്കലും ബാബയെ മറക്കാത്ത തരത്തിൽ ബാബയിൽ ഹൃദയം ഇത്രയും മുഴുകിയിട്ടുണ്ടോ എന്ന് അന്തർമുഖിയായിരുന്ന് പരിശോധിക്കണം.

2) എന്തെങ്കിലും ചോദ്യം ഉന്നയിക്കുന്നതിൽ തന്റെ സമയത്തെ വ്യർത്ഥമാക്കാതെ ഓർമ്മയുടെ യാത്രയിൽ ഇരുന്ന് സ്വയം പാവനമായി മാറണം. അന്തിമ സമയത്ത് ഒരേയൊരു ബാബയുടെ ഓർമ്മയല്ലാതെ മറ്റൊരു ചിന്തയും വരരുത് - ഇതിനുള്ള അഭ്യാസം ഇപ്പോൾ മുതൽ ചെയ്യണം.

## വരദാനം:- ദൃഢ സങ്കല്പമാകുന്ന വ്രതത്തിലൂടെ ആന്തരീക ഭാവനയെ പരിവർത്തനപ്പെടുത്തുന്ന മഹാനാത്മാവായി ഭവിക്കട്ടെ.

മഹാനായി മാറാനുള്ള മുഖ്യ ആധാരമാണ് പവിത്രത. ഈ പവിത്രതയുടെ വ്രതത്തെ പ്രതിജ്ഞയുടെ രൂപത്തിൽ ധാരണ ചെയ്യുക എന്നാൽ മഹാനാത്മാവാകുക. ഏതൊരു ദൃഢ സങ്കൽപമാകുന്ന വ്രതവും ആന്തരിക മനോഭാവത്തെ പരിവർത്തനപ്പെടുത്തുന്നു. പവിത്രതയുടെ വ്രതമെടുക്കുക അർത്ഥം തന്റെ ആന്തരിക ഭാവനയെ ശ്രേഷ്ഠമാക്കി മാറ്റുക. വ്രതമെടുക്കുക എന്നാൽ സ്ഥൂലരീതിയിൽ പത്ഥ്യം പാലിക്കുക, മനസ്സിൽ ഉറച്ച സങ്കൽപമെടുക്കുക. എങ്കിൽ പാവനമാകുന്നതിനുള്ള വ്രതമെടുത്തു ഞങ്ങൾ ആത്മാ ഭായി-ഭായിയാണ് - ഇത് സാഹോദര്യത്തിന്റെ മനോഭാവം സൃഷ്ടിച്ചു. ഈ മനോഭാവത്തിലൂടെ ബ്രാഹ്മണൻ മഹാനാത്മാവായി മാറുന്നു.

## സ്ലോഗൻ:- വ്യർത്ഥത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ മുഖത്ത് ദൃഢസങ്കൽപ്പത്തിന്റെ ബട്ടൻ അമർത്തൂ.